പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4155** | **21.07.2015-ൽ മറുപടിക്ക്**

## അർബൻ 2020 പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ജോസ് തെറ്റയിൽ** | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും)<br>വകുപ്പു മന്ത്രി) |
| (എ) അർബൻ 2020 പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുളള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) അർബൻ 2020 പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുളള നടപടികൾ ചുവടെ ചേർക്കുന്നു.<br>1. അർബൻ 2020 പദ്ധതിയുടെ നോഡൽ ഏജൻസിയായി കെ.എസ്. യു.ഡി.പി. (കേരള സുസ്ഥിര നഗര വികസന പദ്ധതി) - യെ നിയമിച്ചു.<br>2. നഗരസഭകൾ സമർപ്പിച്ച പ്രോജക്ട് ആശയങ്ങളിൽ നിന്നും അംഗീകാരം ലഭിക്കുന്നവയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡി.പി.ആർ) തയ്യാറാക്കുന്നതിന് വിവിധ മേഖലകളിൽ പ്രാവീണ്യം തെളിയിച്ചിട്ടുളള 31 ഏജൻസികളെ തെരഞ്ഞെടുത്ത് എംപാനൽ ചെയ്തു.<br>3. നഗരസഭകൾ തയ്യാറാക്കി സമർപ്പിക്കുന്ന പ്രിലിമിനറി പ്രോജക്ട് പ്രൊഫൈൽ റിപ്പോർട്ടുകൾ വിലയിരുത്തുന്നതിനും അംഗീകാരം നല്കുന്നതിനുമായി നാല് സംസ്ഥാനതല ടെക്നിക്കൽ എക്സ്പർട്ട് കമ്മിറ്റികൾ രൂപീകരിച്ചു.<br>4. 30 നഗരസഭകൾക്ക് അവർ |

തെരഞ്ഞെടുത്ത കൺസൾട്ടൻസി സ്ഥാപനങ്ങൾ മുഖേന തയ്യാറാക്കിയ 1115 കോടി രൂപ അടങ്കലുള്ള 42 പദ്ധതികളുടെ ഡി.പി.ആറുകൾ തയ്യാറാക്കുന്നതിനുള്ള അനുമതി ഇതിനകം നല്കി. ഇതിൽ നിന്നും ആദ്യഘട്ടമെന്ന നിലയിൽ 7 നഗരസഭകളുടെ 147 കോടി രൂപ അടങ്കൽ വരുന്ന 7 പദ്ധതികളുടെ ഡി.പി.ആറുകൾ തയ്യാറാക്കുന്നതിനുള്ള ത്രികക്ഷി കരാർ 2015 ജൂലൈ 7-ാം തീയതി ഒപ്പു വച്ചു.

(ബി) അങ്കമാലി നഗരസഭയിൽ നിന്നും ഏതെല്ലാം പ്രോജക്ടുകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ബി) അങ്കമാലി നഗരസഭയുടെ താഴെപ്പറയുന്ന പ്രോജക്ടുകളാണ് അർബൻ 2020 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

1. മാർക്കറ്റ് നവീകരണം (അടങ്കൽ 10 കോടി രൂപ) - ഡി.പി.ആർ തയ്യാറാക്കുന്ന ഏജൻസി - കിറ്റ്കോ
2. ഇന്റഗ്രേറ്റഡ് ഡ്രെയിനേജ് ആന്റ് വേസ്റ്റ് വാട്ടർ മാനേജ്മെന്റ് പ്രോജക്ട് (അടങ്കൽ 50 കോടി) ഡി.പി.ആർ തയ്യാറാക്കുന്ന ഏജൻസി - ടാറ്റാ കൺസൾട്ടൻസി ലിമിറ്റഡ്, മുംബൈ.

(സി) പ്രസ്തുത പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

(സി) മേൽപ്പറഞ്ഞ പദ്ധതികളുമായി ബന്ധപ്പെട്ട ഡി.പി.ആറുകൾ തയ്യാറാക്കുന്നതിനുള്ള ത്രികക്ഷി കരാറുകൾ ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ